# പോക്സോ കേസിലെ ഇരയുടെ ജനന സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ലെന്ന കാരണത്താൽ പ്രതിയെ വെറുതെവിടാനാവില്ല

## കേരള ഹൈക്കോടതി

Crl. A. No. 419/2019 Dt. 4.8.2020

ഡേവിഡ് x സ്റ്റേറ്റ് ഓഫ് കേരള

പ്രതിയായ ഡേവിഡ് തമിഴ്നാടു സ്വദേശിയാണ്. അയാൾ കൊല്ലം ജില്ലയിൽ വന്ന് കുടുംബ സമേതം താമസിക്കാൻ തുടങ്ങിയിട്ട് കുറെ വർഷങ്ങളായി. അപ്രകാരമിരിക്കെ അയാൾ അയാളുടെ സഹോദരിയുടെ മകനെയും കുടുംബത്തേയും കൊല്ലത്തേക്ക് കൊണ്ടുവന്നു. പ്രതി വാടകയ്ക്ക് താമസിച്ചിരുന്ന വീട്ടിൽ തന്നെയാണ് സഹോദരിയുടെ മകനെയും കുടുംബ സമേതം താമസിക്കാൻ അനുവദിച്ചത്. അവർക്ക് രണ്ട് മക്കളാണുള്ളത്; മൂത്തത് ആണും ഇളയത് പെണ്ണും. കുറെ നാൾ കഴിഞ്ഞപ്പോൾ പ്രതിയുടെ സഹോദരിയുടെ മകൻ കുടുംബ സമേതം മറ്റൊരു വാടക വീട്ടിലേക്ക് താമസം മാറ്റി. പ്രതിയുടെ വാടകവീട് പൊളിച്ചു പണിയാൻ ഉടമ തീരുമാനിച്ചപ്പോൾ പ്രതി കുടുംബ സമേതമുള്ള താമസം സഹോദരിയുടെ മകന്റെ വാടക വീട്ടിലേക്ക് മാറ്റി. ആ വീട്ടിൽ പ്രതിയുടെ കുടുംബം ഒരു മുറിയിലും സഹോദരിയുടെ മകനും ഭാര്യയും മറ്റൊരു മുറിയിലും അവരുടെ രണ്ട് മക്കൾ വേറെ മുറിയിലുമാണ് ഉറങ്ങാൻ കിടന്നിരുന്നത്. അവരിൽ എട്ട് വയസ്സ് പ്രായമുള്ള പെൺകുട്ടി മൂന്നാം ക്ലാസിൽ പഠിക്കുന്ന കാലത്ത് ഒരു ദിവസം രാത്രി ഒരു മണി സമയത്ത് പ്രതി ആ പെൺകുട്ടി കിടന്നുറങ്ങിയിരുന്ന മുറിയിൽ പ്രവേശിച്ച് പെൺകുട്ടിയെ വിവസ്ത്രയാക്കി ആലിംഗനം ചെയ്യുകയും ലൈംഗികോദ്ദേശ്യത്തോടെ തലോടുകയും ചുംബിക്കുകയും ലൈംഗികാതിക്രമം നടത്തുകയും ചെയ്തു. പെൺകുട്ടി ഉറക്കെ നിലവിളിച്ചതോടെ പ്രതി ഇരുട്ടിൽ ഓടിമറഞ്ഞു. ഇത് സംബന്ധിച്ച് പെൺകുട്ടിയുടെ മാതാവ് പോലീസിൽ പരാതി നല്കി. പ്രതിക്കെതിരെ കേസെടുത്ത് അന്വേഷണം നടത്തിയ പോലീസ് പ്രത്യേക സെഷൻസ് കോടതിയിൽ അന്തിമ റിപ്പോർട്ട് നല്കി. വിചാരണക്കു ശേഷം സെഷൻസ് കോടതി പ്രതി കുറ്റക്കാരനാണെന്ന് പ്രഖ്യാപിക്കുകയും പത്ത് വർഷത്തെ കഠിനത്തടവും അമ്പതിനായിരം രൂപയുടെ പിഴയും ശിക്ഷ വിധിക്കുകയും ചെയ്തു. ഇതിനെതിരെ പ്രതി ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. പെൺകുട്ടിയുടെ വയസ്സ് തെളിയിക്കാൻ കുട്ടി പഠിച്ചിരുന്ന സ്കൂളിലെ ഹെഡ്മിസ്ട്രസ് നല്കിയ കത്തല്ലാതെ യാതൊരു രേഖയും പ്രോസിക്യൂഷൻ ഹാജരാക്കിയിട്ടില്ലെന്നും ഇരയുടെ വയസ്സ് സംശയാതീതമായി തെളിയിക്കാതെ പോക്സോ കേസിലെ പ്രതിയെ ശിക്ഷിക്കാനാവില്ലെന്നും പ്രതി വാദിച്ചു. മറ്റു ക്രിമിനൽ കേസുകളിൽ നിന്ന് വിഭിന്നമായി പോക്സോ കേസിൽ ഉയർന്ന തലത്തിലുള്ള തെളിവ് ആവശ്യമില്ലെന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടി. പെൺകുട്ടിയുടെ മാതാവ് ഇരയുടെ ജനനത്തീയതി ഏതാണെന്ന് മൊഴി നല്കിയിട്ടുണ്ടെന്നും അത് പ്രതി ചോദ്യം ചെയ്തിട്ടില്ലെന്നും അതിനാൽ പ്രോസിക്യൂഷൻ ഇരയുടെ വയസ്സ് തെളിയിച്ചിട്ടുണ്ടെന്നും ഹൈക്കോടതി വിലയിരുത്തി. ഇരയുടെ ജനന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല എന്ന ഒറ്റ കാരണത്താൽ പോക്സോ കേസിലെ പ്രതിയെ കുറ്റവിമുക്തനാക്കാൻ സാധിക്കില്ലെന്നു കണ്ട ഹൈക്കോടതി പ്രത്യേക സെഷൻസ് കോടതിയുടെ വിധി ശരിവയ്ക്കുകയും പ്രതിയുടെ അപ്പീൽ തള്ളിക്കളയുകയും ചെയ്തു.